# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6742 — 04.04.2018-ൽ മറുപടിക്ക്

## വി.എച്ച്.എസ്.ഇ. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പുന:ക്രമീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | പ്രൊഫ: സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ദേശീയ തൊഴിൽ നൈപുണ്യ പദ്ധതി (എൻ. എസ്. ക്യൂ എഫ്. )നടപ്പാക്കുമ്പോൾ വി.എച്ച്.എസ്.ഇ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ പുന:ക്രമീകരണം പരിഗണനയിലുണ്ടോ; | എ) നിലവിൽ പരിഗണനയിലില്ല. |
| ബി) വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ബി) സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിൽ 2018 ജൂൺ മുതൽ എൻ.എസ്.ക്യൂ.എഫ്.അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം ആരംഭിക്കുവാൻ വൊക്കേഷണൽ ഹയർസെക്കൻററി ഡയറക്ടറു മായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) ഉത്തരവ് ഉണ്ടെങ്കിൽ വി.എച്ച്.എസ്.ഇ. യിലെ വൊക്കേഷണൽ ലാബുകളിൽ ജോലി ചെയ്യുന്ന ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് അവരുടെ നിയമന യോഗ്യതയായ ഐ.ടി.ഐ അല്ലെങ്കിൽ അതത് ട്രേഡുകളിൽ ഉള്ള വി.എച്ച്.എസ്.ഇ. യോഗ്യത കണക്കിലെടുത്ത് സ്കൂൾ മേഖലയിൽത്തന്നെ നിലനിർത്തുമോ; വിശദാംശം ലഭ്യമാക്കുമോ ; | സി) യും ഡി) യും നിലവിൽ ഇതു സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിട്ടില്ല. |
| ഡി) സാങ്കേതിക യോഗ്യത പരിഗണിക്കാതെ വി.എച്ച്.എസ്.ഇ. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് മാരെ വേതന വ്യവസ്ഥ മാത്രം സംരക്ഷിച്ച് സ്കൂൾ മേഖലക്ക്പുറത്ത് മറ്റേതെങ്കിലും തസ്തികയിലാണോ നിലനിർത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തിന്റെ പാഠ്യപദ്ധതിയിൽ 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ എൻ എസ് ക്യൂ എഫ് അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനായി കൂടിയ കൺസൾട്ടേറ്റീവ് മീറ്റിംഗിലെ ശുപാർശകൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ.) നം. 4876 / 2017/ പൊ.വി.വ തീയതി, തിരുവനന്തപുരം, 19/12/2017

---

പരാമർശം:- എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 29 .11 .2017 ലെ പി 3/ 4230 / 2017 /SCERT നമ്പർ കത്ത്.

**ഉത്തരവ്**

വിദ്യാഭ്യാസത്തെ തൊഴിൽ നൈപുണ്യവുമായി ബന്ധിപ്പിക്കുന്ന ദേശീയ നൈപുണി വികസന ചട്ടക്കൂട് ( NSQF ) സംസ്ഥാനത്തു നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പാഠ്യ പദ്ധതിയിൽ 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ എൻ എസ് ക്യൂ എഫ് അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനായി 22 .11 .2017 ൽ കൂടിയ കൺസൾട്ടേറ്റീവ് മീറ്റിംഗിലെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.

- 2018 -19 അദ്ധ്യയന വർഷം മുതൽ ഒമ്പതാം ക്ലാസ്സ് മുതൽ പാഠ്യപദ്ധതിയെ തൊഴിലുമായി ബന്ധിപ്പിക്കണം. ഒന്ന് മുതൽ പത്തുവരെ നിലവിലെ പാഠ്യപദ്ധതിയിൽ തന്നെ തൊഴിൽ നൈപുണികൾ ഉൾച്ചേർത്തിട്ടുണ്ട്. എന്നാൽ ഒൻപതിലും പത്തിലും തൊഴിൽ നൈപുണികൾക്ക് മുൻതൂക്കം നൽകി പഠിപ്പിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ പാഠ്യപദ്ധതിയിൽ വരുത്തണം. അതുവഴി സംസ്ഥാനത്തിലെ എല്ലാ കുട്ടികളും എൻ എസ് ക്യൂ എഫ് ലെവൽ - 1,2 നേടിയെന്നു ഉറപ്പുവരുത്താവുന്നതാണ്.
- പ്രാരംഭഘട്ടമെന്ന നിലയിൽ സംസ്ഥാനത്തിലെ എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിലും എല്ലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലും എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം 2018 ജൂൺ മുതൽ ആരംഭിക്കേണ്ടതാണ്. എൻ.എസ്.ക്യൂ.എഫ് നടപ്പിലാക്കാൻ കഴിയുന്ന തരത്തിൽ നിലവിലുള്ള ഇത്തരം സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.
- പുതിയ തൊഴിൽ നൈപുണി വിദ്യാഭ്യാസം പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ നടപ്പിലാക്കുമ്പോൾ തൊഴിൽ നൈപുണി / ശേഷി വികസനത്തിന് പ്രത്യേകം ഊന്നൽ നൽകേണ്ടതും ഇതിനു അനുഗുണമാകുന്ന തരത്തിൽ നോൺ വൊക്കേഷണൽ വിഷയങ്ങളുടെ സമീപനത്തിൽ മാറ്റം വരുത്തേണ്ടതും തൊഴിൽ വിദ്യാഭ്യാസത്തെ പൊതുവിദ്യാഭ്യാസവുമായി ഉൾച്ചേർക്കുമ്പോൾ കുട്ടികളുടെ ഉപരിപഠന (vertical mobility ) സാധ്യതകളെയും സമാന്തര പഠന (horizontal mobility ) സാധ്യതകളെയും സംബന്ധിച്ച് വ്യക്തത ഉണ്ടാവേണ്ടതുമാണ്.
- എൻ.എസ്.ക്യു.എഫ് അധിഷ്ഠിത പാഠ്യപദ്ധതിയും പുസ്തകങ്ങളും സ്വകാര്യ ഏജൻസി വഴി നടപ്പിലാക്കുന്നതിന് പകരം നിലവിലുള്ള അധ്യാപകരുടെയും അനധ്യാപകരുടെയും മറ്റു ഭൗതികവിഭവങ്ങളുടെയും സേവനം പൂർണമായും പ്രയോജനപ്പെടുത്തേണ്ടതും ഓരോ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട അറിവിന്റെയും അനുഭവത്തിന്റെയും സമന്വയം ഉണ്ടാകേണ്ടതും പ്രാദേശിക വൈദഗ്ധ്യത്തെയടക്കം എങ്ങനെ വിനിയോഗിക്കണം എന്നത് സംബന്ധിച്ച് വ്യക്തത ഉണ്ടാകേണ്ടതുമാണ്.

എൻ.എസ് ക്യു.എഫ് നടപ്പിലാക്കുമ്പോൾ ആവശ്യമെങ്കിൽ തൊഴിൽ നൈപുണ്യ സാധ്യതകൾകൂടി ഉൾപ്പെടുത്തി പാഠ്യപദ്ധതിയിൽ ആവശ്യമായ ഉൾച്ചേർക്കലുകൾ വരുത്താവുന്നതും ഇതിനാവശ്യമായ സൂക്ഷ്മതല പ്രവർത്തന പദ്ധതി വിശദമായി ചർച്ച ചെയ്തു എസ്. സി. ഇ. ആർ. ടി രൂപപ്പെടുത്തേണ്ടതുമാണ്.

ദേശീയ നൈപുണ്യ വികസന ചട്ടക്കൂടായ എൻ.എസ്.ക്യു.എഫ് (NSQF ) അധിഷ്ഠിതമായ കോഴ്സുകൾ 2018 ജൂൺ മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി 22.11.2017 ന കൂടിയ കൺസൾട്ടേറ്റീവ് മീറ്റിംഗിലെ നിർദ്ദേശങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം കത്ത് പ്രകാരം എസ്,സി.ഇ.ആർ.ടി (SCERT)ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ദേശീയ നൈപുണി വികസന ചട്ടക്കൂടായ എൻ എസ് ക്യു എഫ് നടപ്പിലാക്കേണ്ട അവസാന തീയതി 2018 ഡിസംബർ 28 ആയി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ ദേശീയ നൈപുണി വികസന ചട്ടക്കൂടായ എൻ.എസ് ക്യു.എഫ് (NSQF) അധിഷ്ഠിതമായ കോഴ്സുകൾ സംസ്ഥാനത്തെ(തെരഞ്ഞെടുക്കപ്പെട്ട) സ്കൂളുകളിൽ 2018 ജൂൺ മുതൽ ആരംഭിക്കുന്നതിനായി മേൽ ശുപാർശകളുടെ അടിസ്ഥാനത്തിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറുമായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനു എസ്.സി.ഇ.ആർ.ടി (SCERT) ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എസ്.കൃഷ്ണകുമാർ,
അഡീഷണൽ സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ , വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം , തിരുവനന്തപുരം
ഡയറക്ടർ ,ഫീഷറീസ് വകുപ്പ്.
ഡയറക്ടർ ,ഹയർ സെക്കന്ററി വിദ്യാഭ്യാസം , തിരുവനന്തപുരം
ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ തിരുവനന്തപുരം
സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ, ആർ. എം എസ് എ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (D2-312/2017/പൊവി).

പകർപ്പ് ; സെക്രട്ടറി ,ഫിഷറിസ് വകുപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ.